കാവുകാട്ട്
# താതൻ
മാർ മാത്യു കാവുകാട്ട് നാമകരണ ബുള്ളറ്റിൻ

വാല്യം 01
ലക്കം 01
2025 നവംബർ


## ആശംസകൾ



ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായി 'താതൻ' എന്ന പേരിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. മാർ മാത്യു കാവുകാട്ട് പിതാവ് തന്റെ ജീവിതകാലത്ത് പ്രസരിപ്പിച്ച വിശുദ്ധിയുടെ പരിമളം വിശുദ്ധിയുടെ പാതയിൽ ചരിക്കാൻ നമുക്കും പ്രചോദനമാകട്ടെ. അങ്ങനെ ഇന്നത്തെ സമൂഹത്തിൽ നന്മയുടെ സാക്ഷ്യം വഹിക്കാൻ കാവുകാട്ടു പിതാവിന്റെ പുണ്യജീവിതം നമുക്കു സഹായകമാകും. പിതാവിന്റെ വിശുദ്ധി എല്ലാവരും അറിയുകയും അനുകരിക്കുകയും ചെയ്യാൻ ഈ പ്രസിദ്ധീകരണം ഇടയാക്കും. ദൈവദാസന്റെ നാമകരണ നടപടികൾ ദൈവഹിതമനുസരിച്ചു മുന്നേറാൻ നമുക്കു പ്രാർത്ഥിക്കാം. കാവുകാട്ട് പിതാവിന്റെ വിശുദ്ധ ജീവിതത്തെയും, ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി അദ്ദേഹത്തിന്റെ ശക്തമായ മധ്യസ്ഥതയെയും കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ ഈ പ്രസിദ്ധീകരണത്തിന് സാധ്യമാവട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

† മാർ ജോസഫ് പെരുന്തോട്ടം
ആർച്ചുബിഷപ്പ് എമരിത്തൂസ്



ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് ജീവിതകാലത്തും മരണശേഷവും അനേകർക്ക് ആശ്രയമാണ്. പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായി 'താതൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ബുള്ളറ്റിനിലൂടെ വന്ദ്യ പിതാവിന്റെ ജീവിത വിശുദ്ധിയും മാധ്യസ്ഥ ശക്തിയും കൂടുതൽ ആളുകളിലേക്ക് എത്തുവാനും അതുവഴി അനേകർക്ക് ആശ്വാസം ലഭിക്കാനും ഇടയാകട്ടെ. പുതുതായി പ്രസിദ്ധീകരിക്കപ്പെടുന്ന ബുള്ളറ്റിനു എല്ലാവിധ ആശംസകളും നേരുന്നു.

† മാർ തോമസ് തറയിൽ
മെട്രോപോളീറ്റൻ ആർച്ചുബിഷപ്പ്



ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായി 'താതൻ' എന്ന പേരിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കപ്പെടുന്നു എന്ന് അറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ഈ ബുള്ളറ്റിനിലൂടെ പുണ്യശ്ലോകനായ കാവുകാട്ടു പിതാവിന്റെ ധന്യമായ ജീവിതത്തെയും പ്രത്യേകിച്ച് വിശുദ്ധിയെയും അനേകം വ്യക്തികൾക്ക് അറിയുവാനും തങ്ങളുടെ ജീവിതത്തെ അനുഗ്രഹപ്രദമാക്കുവാനും സാധിക്കും. കൂടാതെ കൂടുതൽ ആളുകൾ പിതാവിന്റെ കബറിടത്തിലേക്കെത്തി മാധ്യസ്ഥ്യം അപേക്ഷിക്കുവാനും നാമകരണ നടപടികൾ അതിവേഗം പുരോഗമിക്കുവാനും ഈ ബുള്ളറ്റിൻ ഒരു മാധ്യമം ആകട്ടെ എന്ന് ആശംസിക്കുന്നു.

വെരി റവ. ഡോ. സ്കറിയ കന്യാകോണിൽ
സിഞ്ചെല്ലൂസ്, ചങ്ങനാശ്ശേരി അതിരൂപത

# ദൈവദാസൻ കാവുകാട്ടുപിതാവ്



അവിഭക്ത ചങ്ങനാശേരിരൂപതയിൽപ്പെട്ട പ്രവിത്താനമാണ് കാവുകാട്ട് പിതാവിനാൽ ജന്മംകൊണ്ട് അനുഗൃഹീതമായ ഗ്രാമം. 1907 ജൂലൈ 17-ാം തീയതിയാണ് പിതാവ് ജനിച്ചത്. ചുമ്മാർ-ത്രേസ്യാ ദമ്പതികളുടെ ആറാമത്തെ സന്താനം സ്കൂൾ കോളജ് വിദ്യാഭ്യാസത്തിനു ശേഷം 1928-ൽ വൈദികപരിശീലനം ആരംഭിച്ചു. 1935 ഡിസംബർ 21ന് പൗരോഹിത്യം സ്വീകരിച്ചു. 1950 വരെ അദ്ദേഹം വിദ്യാഭ്യാസരംഗത്ത് ചുവടുറപ്പിച്ചു. എസ്.ബി. കോളജിൽ അധ്യാപകനായിരിക്കെ 1950-ൽ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിക്കും കർമ്മകുശലതയ്ക്കും ലഭിച്ച അംഗീകാരം.

1956-ൽ ചങ്ങനാശേരി രൂപത അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ കാവുകാട്ടുപിതാവ് മെത്രാപ്പോലീത്താസ്ഥാനത്തു അവരോധിതനായി. 'സെർവീരെ ഇൻ കാരിത്താത്തെ' (Servire in Caritate) 'സ്നേഹത്തിലുള്ള സേവനം' എന്ന മുദ്രാവാക്യവുമായി മെത്രാൻപദവിയേറിയ അദ്ദേഹത്തിന്റ ജീവിതം മേൽപ്പറഞ്ഞ മുദ്രാവാക്യത്തിന്റെ വ്യാഖ്യാനമായിരുന്നു. ഈശോയുടെ കരുണാർദ്രമായ സ്നേഹവും പ്രവർത്തനങ്ങളും ഒഴിവാക്കിയാൽ അവിടുത്തെ ജീവിതത്തിന്റെ മഹത്വവും മനോഹാരിതയും നഷ്ടമാകും. അതുപോലെ കാവുകാട്ടുപിതിന്റെ ജീവിതത്തിന്റെ മഹത്വം പാവപ്പെട്ടവരോടും ബലഹീനരോടുമുള്ള കരുണാർദ്രമായ സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ വിനയവും ലാളിത്യവനും പ്രാർത്ഥനാജീവിതവും ആദ്ധ്യാത്മികത്വത്തിന്റെ മാറ്റു വർദ്ധിപ്പിച്ചു. എല്ലാ വിഭാഗം ആളുകളുടേയും സ്നേഹവും ആദരവും ആർജ്ജിച്ച അദ്ദേഹം എല്ലാവർക്കും അഭിഗമ്യനുമായിരുന്നു. കാവുകാട്ടുപിതാവ് 1969 ഒക്ടോബർ 9-ാം തീയതി തന്റെ സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്കു വിളി ക്കപ്പെട്ടു. ജീവിച്ചിരുന്നപ്പോൾതന്നെ ഒരു പുണ്യവാനെന്നു പൊതുജനം കരുതിയിരുന്ന അദ്ദേഹത്തിന്റെ കീർത്തി എല്ലായിടത്തും വ്യാപിച്ചു. അനേകമാളുകൾ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം തേടി കബറിടത്തിങ്കൽ എത്തിക്കൊണ്ടിരുന്നു. സൂക്ഷ്മനിരീക്ഷണത്തിനുശേഷം 1994-ൽ സഭ അദ്ദേഹത്തെ ദൈവദാസനായി പ്രഖ്യാപിച്ചുകൊണ്ട് നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചു.




ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ മദ്ബഹായിലാണ് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തത്. പിന്നീട് പിതാവിന്റെ തിരുശേഷിപ്പുകൾ ദൈവജനത്തിന്റെ സൗകര്യാത്ഥം വലിയ പള്ളിയുടെ മദ്ബഹയിൽ നിന്നും കബറിടപ്പള്ളിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. പിന്നീട് പിതാവിന്റെ തിരുശേഷിപ്പുകൾ ദൈവജനത്തിനു വണക്കത്തിനുള്ള സൗകര്യാത്ഥം വലിയ പള്ളിയുടെ മദ്ബഹയിൽനിന്നും കബറിടപ്പള്ളിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ കബറിടത്തിലേയ്ക്ക് ദൈവജനം പ്രവഹിച്ചുകൊണ്ടിരിക്കുന്നു.



ഫാ. ജോൺ പ്ലാത്താനം
വൈസ് പോസ്റ്റുലേറ്റർ

(കാവുകാട്ടുപിതാവിന്റെ ജീവചരിത്രം അടുത്ത ലക്കം മുതൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നതാണ്.)

# ശ്രാദ്ധപ്പെരുന്നാൾ 2025





ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ

**മെത്രാഭിഷേക പ്ലാറ്റിനം ജൂബിലി**

**1950 – 2025**

2025 ഒകേടോബർ 9 മുതൽ നവംബർ 9 വരെ



# കാവുകാട്ടു പിതാവിന്റെ മെത്രാഭിഷേക പ്ലാറ്റിനം ജൂബിലി



കാവുകാട്ടു പിതാവിനെ സ്നേഹിക്കുന്നവർക്ക് ഈ ജൂബിലി വർഷം സവിശേഷ പ്രാധാന്യം അർഹിക്കുന്നു. 75 വർഷം മുമ്പ് ഇതുപോലൊരു ജൂബിലി വർഷത്തിലാണ് കാവുകാട്ടുപിതാവ് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടത്. 1950 നവംബർ ഒമ്പതാം തീയതി റൂമിലെ വിശുദ്ധ ത്രേസ്യയുടെ നാമത്തിലുള്ള ബസിലിക്കയിലാണ് തിരുക്കർമ്മങ്ങൾ നടന്നത്. നിഷ്പാദുക കർമലീത്താ സഭയുടെ കേന്ദ്രഭവനമായിരുന്നു അത്. പൌരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷനായിരുന്ന കർദ്ദിനാൾ ടിസറാങ്ങ് തിരുമേനി ആയിരുന്നു അഭിഷേകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചത്. കോട്ടയം രൂപത മെത്രാൻ മാർ തോമസ് തറയിലും കൊല്ലം രൂപത മെത്രാൻ ബിഷപ്പ് ജെറോം ഫെർണ്ണാണ്ടസും ആയിരുന്നു സഹകാർമ്മികർ ആയിരുന്നത്. തിരുപ്പട്ട ദിനത്തിൽ മനസ്സിൽ വന്ന വികാരങ്ങൾ കാവുകാട്ടു പിതാവ് കുറിച്ച് വയ്ക്കുന്നത് ഇങ്ങനെയാണ്, "എന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ദിവസം. സഭയിലെ രാജകുമാരൻ പദവിയിലേക്ക് ഞാൻ ഉയർത്തപ്പെടുന്ന ദിവസം ഈ സ്ഥാനത്തിന് ഞാൻ എത്ര അയോഗ്യനാണ്. പാപിയായ എന്നോട് ദൈവം എത്രത്തോളം കരുണയാണ് കാട്ടുന്നത്. ഞാനൊരു വലിയ പാപിയാണ് എന്ന് യാഥാർത്ഥ്യം ഞാൻ ഏറ്റുപറയുന്നു. എന്നിട്ടും സമുന്നത സ്ഥാനത്തേക്ക് വിളിച്ചു. ഇത് എന്റെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കുമാണെന്ന് ഞാൻ വിശ്വസിക്കുന്നു" . മെത്രാഭിഷേകത്തിനായി റോമിലെത്തിയ കാവുകാട്ടു പിതാവിന് ആ ജൂബിലി വർഷം മറ്റൊരു അസാധാരണ സംഭവത്തിനും സാക്ഷ്യം വഹിക്കുവാൻ അസാധാരണ ഭാഗ്യം ലഭിച്ചു. 1950 നവംബർ ഒന്നാം തീയതിയാണ് മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പന്ത്രണ്ടാം പീയൂസ് മാർപാപ്പ പ്രഖ്യാപിച്ചത്. ആ തിരുക്കർമ്മങ്ങളിൽ കാവുകാട്ടു പിതാവ് ആദ്യാവസാനം പങ്കെടുത്തു. നവംബർ പതിനാലാം തീയതി ചങ്ങനാശ്ശേരിയിൽ നിന്നും വന്ന എല്ലാവർക്കും തന്നെ പ്രത്യേകമായി കാണുവാനുള്ള അവസരവും മാർപാപ്പ കൊടുത്തു . മറക്കാനാവാത്ത ഓർമ്മകൾ അവശേഷിപ്പിച്ചാണ് 1950-ലെ ജൂബിലി വർഷം കടന്നുപോയത്. കാവുകാട്ടു പിതാവിന്റെ മെത്രാഭിഷേകത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വത്സരവും ദൈവാനുഗ്രഹത്തിന്റെ അവസരമായി ഭവിക്കട്ടെ.

**ഫാ. ജോസഫ് ആലഞ്ചേരി**
പോസ്റ്റുലേറ്റർ, റോം

# അനുഗ്രഹങ്ങൾക്ക് നന്ദി...

### ഉപകാരണസ്മരണ

കാവുകാട്ടു പിതാവിനോടുള്ള നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഞങ്ങൾക്ക് വീടും കടമുറിയും സ്വന്തമായി കിട്ടുവാനുള്ള ഭാഗ്യം ലഭിച്ചതിനും ഞങ്ങൾ കുടുംബസമേതം നന്ദിപറയുന്നു. ദൈവത്തിനോടും കാവുകാട്ടു പിതാവിനോടും ഒരിക്കൽകൂടി നന്ദി പറയുന്നു.

**മേരിക്കുട്ടി വർഗീസ്,** ചങ്ങനാശേരി

### യേശുവേ നന്ദി യേശുവേ സ്തുതി

എന്റ് പേര് അലീനാ. ഞാൻ 4-ാം വർഷ നേഴ്സിംഗ് കംപ്ലീറ്റ് ആക്കി നിൽക്കുകയാണ്. 16.12.2024ന് ആയിരുന്നു എന്റെ അവസാന വർഷപരീക്ഷ. എന്റെ നേഴ്സിംഗ് പഠിത്തത്തിന്റെ ആദ്യവർഷത്തെ പരീക്ഷയിൽ (ഒന്നാം വർഷം പരീക്ഷയിൽ) 6 വിഷയങ്ങളിൽ ഒരു വിഷയത്തിന് മാത്രമേ ഞാൻ പാസ്സ് ആയുള്ളൂ. അതിനുശേഷം ഞാൻ പരീക്ഷ എഴുതുന്നതിന് മുൻപ് കാവുകാട്ടുപിതാവിന്റെ കബറിടത്തിൽ എന്നെ പരീക്ഷയിൽ പാസ്സ് ആക്കണേ എന്ന അപേക്ഷ എഴുതിവെക്കുമായിരുന്നു. ഞാൻ പരീക്ഷക്ക് മുമ്പ് നാട്ടിൽ വരുമ്പോൾ അപേക്ഷ എഴുതി എന്റെ അമ്മയെ ഏൽപിക്കും. എന്റെ അമ്മ പരീക്ഷക്ക് രണ്ടു ദിവസം മുമ്പ് അത് കബറിടത്തിൽ കൊണ്ട് വയ്ക്കും. ഈ ഡിസംബറിൽ കഴിഞ്ഞ നാലാം വർഷ പരീക്ഷ എനിക്ക് വളരെ ബുദ്ധിമുട്ട് ഉള്ളതായിരുന്നു. പരീക്ഷയിൽ തോറ്റ് പോയേക്കാം എന്നുവരെ ഞാൻ ഭയപ്പെട്ടു. ഇന്നലെ 06.02.2025 എന്റെ പരീക്ഷയുടെ റിസൾട്ട് പുറത്തുവന്നു. ഞാൻ 1st class-ൽ ഈ പരീക്ഷ പാസ്സായി. ഞാൻ ഉറച്ചുവിശ്വസിക്കുന്നു. കാവുകാട്ടുപിതാവാണ് എന്നെ പാസ്സാക്കിയതെന്ന്. ഒരായിരം നന്ദി പറയുന്നു.

**അലീനാ ആന്റപ്പൻ**, ചങ്ങനാശേരി

### ദൈവത്തിന് സ്തുതി

എന്റെ മോന് വിസ അടിച്ചുകിട്ടിയാൽ സാക്ഷ്യം എഴുതി ഇടാമെന്ന് ഞാൻ നിയോഗം വച്ചിരുന്നു. കാവുകാട്ട തിരുമേനിയുടെ നാമത്തിൽ എനിക്ക് അതു സാധിച്ചുകിട്ടി. അതിന് എന്റെ യേശുഅപ്പനും കാവുകാട്ട് തിരുമേനിക്കും ഒരായിരം നന്ദി.

**മോളി,** ചങ്ങനാശേരി

### ഉപകാരസ്മരണ

ഷിനോയ് എന്ന മകന്റെ വിവാഹതടസ്സം മാറികിട്ടി. ഏപ്രിൽ മാസത്തിൽ വിവാഹം നിശ്ചയിച്ചിരിക്കുന്നു. പ്രാർത്ഥിച്ച് അനുഗ്രഹം ലഭിച്ചതിന് നന്ദി.

പ്രിയ എന്ന മകളുടെ ജോലി തടസ്സം മാറി. ജോലി ലഭിച്ചതിനും പ്രാർത്ഥിച്ചതിനും ഒത്തിരി നന്ദി. നന്നായി ജോലി ചെയ്യുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**ആലീസ് മാത്യു**

### ദൈവത്തിന് സ്തുതി

കാവുകാട്ട് തിരുമേനിയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി അഞ്ചു വർഷമായിട്ട് ജോലി ഇല്ലായിരുന്ന എന്റെ മകൻ വിസിറ്റിംഗ് വിസായിൽ ദുബായിൽ പോയി. വിസ തീരുന്നതിനുമുമ്പായി ഒരു നല്ല ജോലി കിട്ടിയതിന് ഒരായിരം നന്ദിയും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

**മോളി ചങ്ങനാശേരി**

### ഉപകാരണസ്മരണ

എന്റെ പേര് പ്രിൻസി ജോസഫ്. കാവുകാട്ട് പിതാവ് വഴി എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ വലിയ ഒരു അനുഗ്രഹത്തിന് സാക്ഷ്യം പറയാനാണ് ഇത് എഴുതുന്നത്. 2011-ൽ എന്റെ വിവാഹം കഴിഞ്ഞു. അഞ്ചു വർഷമായി എനിക്ക് കുട്ടികൾ ഇല്ലായിരുന്നു. 2016-ൽ ഞാനും അമ്മയും കൂടി ചങ്ങനാശേരിക്ക് ബസിൽ വരികയായിരുന്നു. അപ്പോൾ ഒരു ചേച്ചി കാവുകാട്ട് പിതാവിന്റെ ശ്രാദ്ധപ്പെരുന്നാളിനുള്ള പൊതിച്ചോറുമായി ആ ബസിൽ ഉണ്ടായിരുന്നു. ചേച്ചി ഞങ്ങളോടു കാവുകാട്ടു പിതാവിന്റെ കാര്യം പറഞ്ഞു. അപ്പോൾ തന്നെ ഞാനും അമ്മയും ഇവിടെവന്ന് പ്രാർത്ഥിക്കുകയും എനിക്ക് ഒരു കുഞ്ഞിനെ നൽകിയാൽ ഞാൻ 12 പൊതിച്ചോറ് ഇവിടെ കൊണ്ടുതരാമെന്ന് പറയുകയും ചെയ്തു. 2016-ൽ ഞാൻ ഇവിടെ വന്ന് പ്രാർത്ഥിച്ചത് ആ വർഷം തന്നെ ഞാൻ പ്രഗ്നന്റ് ആകുകയും 2017 ഒക്ടോബർ 6-ന് ഞാൻ ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ഇന്ന് എന്റെ മകന് 7 വയസ് ആയി. കാവുകാട്ട പിതാവുവഴിദൈവം എനിക്ക് നൽകിയ ഈ അനുഗ്രഹത്തിന് ഞാൻ ഒരായിരം നന്ദി പറയുന്നു.

**പ്രിൻസി ജ്യോതിഷ്**, വായ്പൂർ

### ഉപകാരണസ്മരണ

ദൈവനാമത്തിനു മഹത്ത്വമുണ്ടാകട്ടെ. ഞാൻ കുറുമ്പനാടം അസംപ്ഷൻ പള്ളി ഇടവകക്കാരിയാണ്. എനിക്ക് ഭയങ്കരമായ കാലുവേദനയായിരുന്നു. ഞങ്ങൾ പാമ്പാടി കോത്തല എന്ന സ്ഥലത്ത് ചികിത്സയിലായിരുന്നു. ഞാൻ നേരത്തെ പ്രാർത്ഥിച്ചായിരുന്നു എന്റെ കാലിനു കുറവു കിട്ടിയാൽ (മാർ കാവുകാട്ടു മെത്രാപ്പോലിത്തായുടെ നാമത്തിൽ) സാക്ഷ്യപ്പെടുത്തിയേക്കാമെന്ന്. ദൈവകൃപയാൽ എനിക്ക് കാലിനു സൗഖ്യം കിട്ടി. യേശുവേ നന്ദി. യേശുവേ സ്തോത്രം ഹല്ലേലുയ്യാ.

**ഒരു വിശ്വാസി**

### താമസിച്ചതിനു ക്ഷമാപണം

എന്റെ സഹോദരിയുടെ മകന് കാൻസർ ആയിരുന്നു. അവനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു സാക്ഷ്യപ്പെടുത്തിയേക്കാമെന്ന്. അവനും സുഖംപ്രാപിച്ചു.

യേശുവേ നന്ദി, യേശുവേ സ്തോത്രം, ഹല്ലേലുയ്യാ. എന്റെ ഭർത്താവിനും കാലുവേദനയായിരുന്നു. എഴുന്നേറ്റു നടക്കാൻ പോലും പ്രയാസമായിരുന്നു. ചെത്തിപ്പുഴ ആശുപത്രിയിലും പുഷ്പഗിരി ആശുപത്രിയിലും ചികിത്സിച്ചു. അപ്പോഴും കാവുകാട്ടു പിതാവിനോടു പ്രാർത്ഥിച്ചിരുന്നു. ഇപ്പോൾ കാലിനു വേദന കുറഞ്ഞു. നടക്കാൻ പറ്റും. അവിടുന്നു ഞങ്ങൾക്കു തന്ന എല്ലാ അനുഗ്രഹങ്ങൾക്കും യേശുനാമത്തിൽ നന്ദിപറയുന്നു. യേശുവേ നന്ദി യേശുവേ സ്തോത്രം ഹല്ലേലുയ്യാ

**ഒരു വിശ്വാസി**

### ഉപകാരണസ്മരണ



**മേരിക്കുട്ടി ദേവസ്യ**
**വില്ലുവിരുത്തിയിൽ**
**വാഴപ്പള്ളി പടിഞ്ഞാറ്**







മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

## കാവുകാട്ടുപിതാവിനെ കണ്ടവരും കേട്ടവരും

# സ്നേഹനിധിയായ പിതാവ് കുരിശിന്റെ വഴിയിലൂടെ

കാവുകാട്ടുപിതാവിന് അൽഫോൻസാമ്മയേയോ അൽഫോൻസമ്മയ്ക്ക് കാവുകാട്ടുപിതാവിനെയോ പരിചയമുണ്ടായിരുന്നില്ല. എന്നാൽ ഇവർ രണ്ടു പേരെയും അടുത്തറിയാൻ ഭാഗ്യം ലഭിച്ച ഒരാൾ എന്ന നിലയിൽ എനിക്ക് പറയുവാൻ സാധിക്കും: അവർ രണ്ടുപേരും ഒരേ വഴിക്കാണ് യാത്രചെയ്തിരുന്നതെന്ന്. കുരിശിന്റെ വഴിയേ കഷ്ടപ്പാടിന്റെയും കണ്ണുനീരിന്റെയും വഴിയേ- കർത്താവ് പഠിപ്പിച്ച വഴിയേ, ശാരീരികമായും മാനസികമായും കഠിനവേദനകൾ ക്ഷമയോടും സന്തോഷ ത്തോടുംകൂടി സഹിച്ച് 36 മത്തെ വയസ്സിൽ മരിച്ച് വാഴ്ത്തപ്പെട്ടവരുടെ മകുടം ചൂടിയ അൽഫോൻസാമ്മയെപ്പറ്റി മിക്കവാറും എല്ലാവർക്കും അറിയാം. അടുത്തറിഞ്ഞ എനിക്ക് കൂടുതലായും അറിയാം. എന്നാൽ കാവുകാട്ട് പിതാവ് സഹിച്ച കുരിശുകളെപ്പറ്റി അധികമാരും അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ കബറടക്കത്തോടനുബന്ധിച്ചു നടത്തിയ ചരമപ്രസംഗത്തിൽ ഞാൻ പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർമ്മിക്കുന്നു. ''അദ്ദേഹം ജീവിച്ചിരുന്ന ഒരു രക്തസാക്ഷിയായിരുന്നു.''

1936 ജൂൺ മാസത്തിൽ ചങ്ങനാശ്ശേരി രൂപതയിലെ മൈനർ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ് കാവുകാട്ട് ബഹു. മത്തായിയച്ചനെ ഞാൻ പരിചയപ്പെട്ടത്. 1935 ഡിസംബർ 21-ാം തീയതി വൈദികപട്ടം സ്വീകരിച്ച അദ്ദേഹം ഞങ്ങളുടെ ആധ്യാത്മികഗുരുവും അധ്യാപകനും എന്ന നിലയിലാണ് സെമിനാരിയിൽ വന്നത്. സദാ പ്രസന്നവദനനായിരുന്ന എല്ലാവരോടും സൗമ്യമായി പെരുമാറിയിരു അദ്ദേഹത്തെ എല്ലാവരും ഇഷ്ടപ്പെട്ടു. പക്ഷേ ഒരു മാസം കഴിഞ്ഞ പ്പോൾ രോഗബാധിതനായി ത്തീർന്ന അദ്ദേഹം ചികിത്സക്കും വിശ്രമത്തിനുമായി സെമിനാരിയിൽ നിന്നും പോയിട്ട് പിന്നീട് തിരിച്ചുവന്നില്ല.

1950 ജൂലൈ 25-ാം തീയതിയാണ് ബഹു. കാവുകാട്ടച്ചൻ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി നിയമിതനായത്. അതേവർഷം നവംബർ 9-ാം തീയതി റോമിൽവച്ച് മെത്രാനായി അഭിഷിക്തനായ അദ്ദേഹം 1951 ജനുവരി 3-ാം തീയതി രൂപതാഭരണം ഏറ്റെടുത്തു. തോമ്മാശ്ലീഹാ കേരളത്തിൽ വന്നതിന്റെ 19-ാം ശതാബ്ദിയും വി. ഫ്രാൻസിസ് സേവ്യറിന്റെ മരണത്തിന്റെ നാലാം ശതാബ്ദിയും പ്രമാണിച്ച് കേരളത്തിലെ മൂന്ന് റീത്തുകളിൽപ്പെട്ട എല്ലാ രൂപതകളുടെയും ആഭിമുഖ്യത്തിൽ 1952-ൽ എറണാകുളത്തുവച്ച് ജൂബിലയാഘോഷങ്ങൾ നടത്തുവാൻ തീരുമാനിച്ചു. ആഘോഷക്കമ്മറ്റിയുടെ ചെയർമാനായി കാവുകാട്ടുപിതാവിനെയാണ് എല്ലാവരുംകൂടി തെരഞ്ഞെടുത്തത്. ഒരുക്കങ്ങളെല്ലാം പൂർത്തിയായ അവസരത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ ഒരു സംഭവം എല്ലാവരെയും ഭഗ്നാശരാക്കി. ജൂബിലിയാഘോഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സംബന്ധിക്കുവാൻ സിഡ്നിയിലെ മെത്രാപ്പോലീത്തയായിരുന്ന കർദ്ദിനാൾ ഗിൽറോയിയെ നിയമിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ സന്ദേശത്തിൽ തോമ്മാശ്ലീഹായെപ്പറ്റി സൂചനപോലും ഉണ്ടായിരുന്നില്ല. ഈ വിവരം എല്ലാവർക്കും പ്രത്യേകിച്ച് ആഘോഷക്കമ്മറ്റിയുടെ ചെയർമാനായിരുന്ന കാവുകാട്ടു പിതാവിനും വലിയ മനഃക്ലേശത്തിന് കാരണമായി. സുറിയാനിക്കാരെ ഒന്നടങ്കം അവഗണിച്ചുകൊണ്ടുള്ള ഈ നിലപാടിൽ സർവ്വത്ര പ്രതിഷേധം ഉയർന്നു. ജൂബിലിയാഘോഷങ്ങൾ ബഹിഷ്ക്കരിക്കാനുള്ള ആലോചനകൾ പോലും ഉണ്ടായി. തന്റെ ഗുരുഭൂതനും ചരിത്രകാരനും പുണ്യപുരുഷനുമായിരുന്ന ബഹു. സക്കറിയാസച്ചനെ കാവുകാട്ടുപിതാവ് വിവരങ്ങളറിയിച്ചു. അദ്ദേഹം റോമിൽ പോയി ബന്ധപ്പെട്ടവരെക്കണ്ട് കാര്യങ്ങൾ ഗ്രഹിപ്പിക്കുകയും നേരത്തെ അയച്ചിരുന്ന രേഖ പിൻവലിച്ച് രണ്ടു പേരുടെയും ശതാബ്ദി എന്ന് വ്യക്തമാക്കിക്കാണിക്കുന്ന രേഖ അയച്ചു കൊടുക്കുകയും ചെയ്തു. മെത്രാനായ ശേഷം കാവുകാട്ടു പിതാവ് ആദ്യമായി വഹിക്കേണ്ടിവന്ന ഒരു വലിയ കുരിശായിരുന്നു ഈ സംഭവം.

1953 ഡിസംബർ 31-ാം തീയതി തലശ്ശേരി രൂപത സ്ഥാപിതമയതു മുതൽ ആ രൂപതയെ എല്ലാ വിധത്തിലും സഹായിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ താത്പര്യമാണ് കാവുകാട്ടുപിതാവ് കാണിച്ചിരുന്നത്. ഞാൻ രൂപതാഭരണം ഏറ്റെടുത്തതുമുതൽ 1969 ഒക്ടോബർ 9-ാം തീയതി അദ്ദേഹം മരിക്കുന്നതുവരെ വളരെ അടുത്ത സൗഹൃദമിട്ടാണ് ഞങ്ങൾ തമ്മിൽ പുലർത്തിയിരുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റിയും 19 കൊല്ലം നീണ്ടുനിന്ന രൂപതാ ഭരണകാലത്തുണ്ടായ പ്രശ്നങ്ങളെപ്പറ്റിയും കൂടുതലായി അറിയുവാൻ ഇടയായിട്ടുണ്ട്.

1956 നവംബർ 10 തീയതിയാണല്ലോ കേരളസംസ്ഥാനം നിലവിൽ വന്നത്. ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് കൂട്ടുകെട്ടിനാണ് ഭൂരിപക്ഷം കിട്ടിയത്. രണ്ടുകൊല്ലം മാത്രം നീണ്ടുനിന്ന അവരുടെ ഭരണകാലത്തുണ്ടായ ഏറ്റവും വലിയ സംഭവം വിദ്യാഭ്യാസബില്ലും അതേത്തുടർന്നുണ്ടായ പ്രതിഷേധങ്ങളും പ്രക്ഷോഭണങ്ങളും 1959 ജൂലൈ 31ന് കമ്മ്യൂണിസ്റ്റു ഗവൺമെന്റിനെ പ്രസിഡന്റ് ഡിസ്മിസ് ചെയ്യുവാനിടയാക്കിയ വിമോചനസമരവും മറ്റുമായിരുന്നു. ഈ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒരു പങ്കാണ് അഭിവന്ദ്യ കാവുകാട്ട് പിതാവ് വഹിക്കേണ്ടിവന്നത്. ഇവയെല്ലാം അദ്ദേഹത്തിന്റെ ആരോഗ്യനില മോശമാകുവാൻ കാരണമായി.

പാവപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും സഹതാപവും എല്ലാ രംഗങ്ങളിലും പ്രകടമായിരുന്നു. 1960-ൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുവാനുള്ള ആലോചനകൾ നടക്കുന്നതായി അന്ന് ....അദ്ദേഹം പറഞ്ഞു. 'യാതൊരു ആഘോഷവും വേണ്ട. ഓരോ ഇടവകയിലും കഴിയുന്നത്ര വീടുകൾ പണിയിച്ച് കിടപ്പാടമില്ലാത്ത ആളുകൾക്ക് കൊടുക്കുകയാണ് വേണ്ടത്. ആ വീടുകളുടെ ഫോട്ടോകൾ അടങ്ങിയ ഒരു ആൽബമായിരിക്കും എനിക്കു തരാവുന്ന ഏറ്റവും വലിയ വലിയ ജൂബിലി സമ്മാനം.''

1961-62 കാലങ്ങളിൽ ഹൈറേഞ്ചിലുണ്ടായ കുടിയിറക്കുകളും നൂറുകണക്കിന് കുടുംബങ്ങൾ സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ഹൃദയാലുവായ അദ്ദേഹത്തെ വളരെയധികം വേദനിപ്പിക്കുകയുണ്ടായി. ഇക്കാലത്താണ് രൂപതയിലെ ഒരു വൈദികൻ കൊലക്കുറ്റത്തിൽ പ്രതിയായതും കോടതി അദ്ദേഹത്തെ മരണശിക്ഷയ്ക്ക് വിധിച്ചതും. ഹൈക്കോടതിയിൽ നിന്നും കുറ്റക്കാരനല്ലെന്നു കണ്ട് അദ്ദേഹത്തെ വെറുതെ വിട്ടുവെങ്കിൽത്തന്നെയും ഈ സംഭവം പിതാവിന്റെ ആരോഗ്യനില കൂടുതൽ വഷളാകുവാൻ ഇടയാക്കി. 1962ൽ ആരംഭിച്ച വത്തിക്കാൻ സൂനഹദോസിൽ അദ്ദേഹം സംബന്ധിച്ചുവെങ്കിലും എല്ലാ സമ്മേളനങ്ങളിലും പങ്കെടുക്കുവാൻ സാധിച്ചില്ല. ഉദര സംബന്ധമായ രോഗം മൂലം ജർമ്മനിയിൽ പോയി ഓപ്പറേഷൻ നടത്തി. പക്ഷേ താത്ക്കാലിക പ്രയോജനം മാത്രമേ ഉണ്ടായുള്ളു. ഈ സാഹചര്യങ്ങളിലും എപ്പോഴും പ്രസന്നനവദനനായി രൂപതാ സംബന്ധമായ എല്ലാക്കാര്യങ്ങളും നടത്തിക്കൊണ്ടു പോന്നു. ഇങ്ങനെ തുടർന്നുവരുന്ന കാലത്താണ് 1969 ഒക്ടോബർ 9-ാം തീയതി രാത്രിയിൽ ഉറക്കത്തിൽ അദ്ദേഹം ഭാഗ്യനിദ്ര പ്രാപിച്ചത്.

ഈ കാലത്തിനിടയിൽ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ലഭിച്ച നിരവധി അനുഗ്രഹങ്ങളെപ്പറ്റി കേൾക്കുവാൻ ഇടയായിട്ടുണ്ട്. ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു വിശുദ്ധനായിട്ടാണ് എല്ലാവരും അദ്ദേഹത്തെ പരിഗണിച്ചിരുന്നത് 'ജനസ്വരം ദൈവസ്വരം' (Vox Populi vox Dei) എന്നാണല്ലോ പറയപ്പെടുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും പറ്റി കൂടുതലായി അറിയുവാനുള്ള എല്ലാ ശ്രമങ്ങളും ഫലപ്രദമായിത്തീരട്ടെ എന്നാശംസിക്കുന്നു.

EDIRORIAL BOARD

Chief Editor: Very Rev. Fr. Scaria kanyakonil (Syncellus)
Managing Editor: Very Rev Fr. James Maleckal (Procurator)
Editor: Rev. Fr. Joseph Alancherry (Postulator)
Editor: Rev. Fr. John Plathanam (Vice- Postulator)

St. Joseph Orphanage Press, Chry. 0481 2410101